



കൂടുതൽ വായനയ്ക്ക്
പുസ്തകത്തിന്റെ കോപ്പി സ്വന്തമാക്കൂ

തപാലിൽ ലഭിക്കാൻ
+91 9778154395

# ഗ്രന്ഥകാരൻ
# സി. ഉണ്ണിക്കൃഷ്ണൻ ഉണ്ണിത്താൻ



### പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

1. സുവർണ്ണജയന്തിയുടെ നിറവിൽ
2. നിലപാടുകളും ആവശ്യങ്ങളും
3. ഇന്ത്യാ ട്രേഡ് യൂണിയൻ ചരിത്രം


**സി. ഉണ്ണിക്കൃഷ്ണൻ ഉണ്ണിത്താൻ**<br>
**മഥുര, എസ്. എച്ച്. മൗണ്ട് പി.ഒ.,**<br>
**കോട്ടയം - 686006.**<br>
**ഫോൺ : 9496159768**


ചേന്നംകരയിൽ പത്മാക്ഷിയമ്മയുടെയും കെ. ചെല്ലപ്പൻപിള്ള യുടെയും മൂത്തമകനായി 1961 ജൂലൈ 16ന് ജനനം. കുന്നിക്കോട് ആവണീശ്വരം ഹൈസ്കൂളിൽ നിന്ന് 10-ാം ക്ലാസ് പാസായി. വിദൂര വിദ്യാഭ്യാസ പാഠ്യപദ്ധതിയിലൂടെ അണ്ണാമലൈ യൂണിവേഴ്സിറ്റിയിൽ നിന്നും സാമൂഹ്യശാസ്ത്രത്തിൽ ബിരുദാനന്തരബിരുദം. 1984ൽ പി & ടിയിൽ വാച്ച്മാനായി ജോലിയിൽ പ്രവേശിച്ചു. 2020 ൽ ജൂനിയർ എഞ്ചിനീയറായി വി ആർ എസിൽ വിരമിച്ചു. 1986ൽ ബി.ടി.ഇ.യു.ബി.എസ്.എൻ.എൽ. അഖിലേന്ത്യാ പ്രസിഡന്റ്, എറണാകുളം, 1984ൽ അംഗമായി, ബി എം എസ് ജില്ലാ വൈസ് പ്രസിഡന്റ്, കോട്ടയം ജില്ലാ സെക്രട്ടറി, കോട്ടയം ജില്ലാ പ്രസിഡന്റ് തുടങ്ങി നിരവധി ചുമതലകൾ വഹിച്ചു. നിലവിൽ സംസ്ഥാന പ്രസിഡന്റ്, അഖിലേന്ത്യാ കാര്യസമിതി അംഗം, കേരളാ മിനിമം വേജസ് അഡ്വൈസറി ബോർഡ് മെമ്പർ.

ഭാര്യ : ടി. വസുമതി

മക്കൾ : ഡോ. വിഷ്ണുകാന്ത് - ഡോ. ശാരിക വിഷ്ണുകാന്ത്<br>
ഡോ. യു. ശ്രീലക്ഷ്മി

# ഉള്ളടക്കം


| | |
|---|---|
| "ആത്മനോ മോക്ഷാർത്ഥം ജഗത് ഹിതായച" | 9 |
| രാഷ്ട്രഋഷി | 14 |
| ദൃഷ്ടി | 21 |
| കോവിഡാനന്തര തൊഴിൽ മേഖലയും സാമ്പത്തിക സ്ഥിതിയും | 35 |
| 2020-21ലെ കേന്ദ്ര ബജറ്റ് അവലോകനം | 64 |
| ശ്രദ്ധിക്കാതെപോയ പണിമുടക്ക് കേരളത്തിൽപോലും ഭാഗികം | 69 |
| കേരളം ഇന്നലകളിൽ | 77 |
| എം. എസ്. എം. ഇ. മേഖല | 84 |
| പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കൽ | 89 |
| സെപ്റ്റംബർ 17 വിശ്വകർമ്മജയന്തി | 95 |
| ചരിത്രം തിരുത്തി കോഡ് ഓൺ വേജസ് ബിൽ | 104 |
| കേരള ബഡ്ജറ്റ് 2021-22 വിശകലനം | 109 |
| 2021 ജൂൺ 4ന്റെ റിവൈസ്ഡ് ബഡ്ജറ്റ് | 117 |
| ജൂലൈ 23 - ബി എം എസ് സ്ഥാപകദിനം | 125 |
| ജില്ലാകേന്ദ്രങ്ങളിൽ കൂട്ടധർണ്ണ | 130 |
| ലഹരിമരുന്ന് എന്ന കാളസർപ്പം | 137 |
| കോവിഡ് -19, ഹെൽപ്പ് ഡെസ്ക് പ്രവർത്തനം | 146 |
| ചാനൽ മേധാവി മുട്ടുമടക്കി, ബി എം എസിന് ചരിത്ര വിജയം | 154 |
| ആർ ഹരിയേട്ടൻ ഇനി ഓർമ്മ | 158 |
| കേരളം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയും പരിഹാരവും | 160 |
| ലോകം കാണുകയാണ് ഈ തൊഴിലാളി സംഘടനയെ | 169 |
| അമൃതകാല ബജറ്റ് 2023-2024 | 173 |
| വിനാശകാല ബജറ്റ് (2023-2024) | 179 |
| അവകാശപത്രിക | 183 |
| വേജ്കോഡ് കേന്ദ്രത്തിന്റേത് ചരിത്രപരമായ തീരുമാനം | 257 |
| ലേബർ കോഡുകളിലേക്ക് ഒരു എത്തിനോട്ടം | 261 |
| ആർ. വേണുഗോപാൽ തൊഴിലാളിക്ഷേമം ജീവിതവ്രതമാക്കിയ പ്രചാരകൻ | 266 |
| കേന്ദ്ര ബഡ്ജറ്റ് 2021 - 22 | 275 |
| ജൂലൈ 23 സ്ഥാപകദിനം | 279 |
| പ്രീ ബഡ്ജറ്റ് ചർച്ച | 286 |
| കേരള ബജറ്റ് 2023 -24 | 293 |
| കൂട്ടധർണ്ണ | 298 |
| പരിസ്ഥിതി സംരക്ഷണം | 301 |
| ലേബർ കോഡ് പിൻവലിക്കലല്ല ഭേദഗതിയാണ് ആവശ്യം | 305 |
| തുടർഭരണം ജീവനക്കാരെ ദ്രോഹിക്കാനുള്ള ലൈസൻസോ? | 309 |
| കെ. എസ്. ഇ. ബി. യിൽ കെ. വി. എം. എസിന് വൻമുന്നേറ്റം | 316 |
| ഇ എസ് ഐ പദ്ധതിയും ആനുകൂല്യങ്ങളും | 320 |
| ഡീസലിന്റെ പേരിൽ കോടികൾ വെട്ടിച്ചതാര് | 328 |
| പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധനയും ചില യാഥാർത്ഥ്യങ്ങളും | 334 |
| സാമൂഹ്യസുരക്ഷയ്ക്കും ആരോഗ്യത്തിനും പരമപ്രധാനം നൽകണം | 339 |
| കോർപ്പറേറ്റ് വൽക്കരണത്തിനെതിരെ ബി. എം.എസ്. | 342 |
| ഇ.പി.എഫ് പെൻഷൻ സുപ്രിംകോടതിവിധി പ്രതീക്ഷയോ പ്രതിസന്ധിയോ? | 353 |
| ഠേംഗ്ഡിജിയുടെ ചിന്തകൾ | 360 |
| വിശ്വകർമ്മ യോജന അവഗണിക്കപ്പെട്ടവർക്കുള്ള അമൃത പദ്ധതി | 365 |
| വിശ്വകർമ്മ യോജന ബിഎംഎസ് മുന്നോട്ടുവച്ച നിർദ്ദേശം | 370 |
| ടി വി ശങ്കരനാരായണൻ ഓർമ്മയായി | 372 |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 375 |
| സ്ത്രീകളുടെ ഉന്നമനത്തിന് സാമ്പത്തികസമത്വം അനിവാര്യം | 385 |
| രാഷ്ട്രപുരോഗതിയിൽ സ്ത്രീകൾക്ക് നിർണ്ണായക പങ്ക് | 388 |

# മുഖവുര

വലിയൊരു ദൗത്യമാണ് ബി എം എസ് വിശ്വസിച്ച് ഏൽപ്പിച്ചത്. അതിൽ എത്രകണ്ടു വിജയിക്കാൻ കഴിഞ്ഞു എന്നത് ഓരോ വായനക്കാരനുമാണ് വിലയിരുത്തേണ്ടത്. ഒരു തൊഴിലാളി സംഘടനയെന്ന നിലയിൽ മാത്രമല്ല മറിച്ച് ഒരു സാമൂഹ്യസംഘടന എന്ന നിലയിലേക്ക് തുടക്കം മുതൽ തന്നെ ബി എം എസ്. പരിവർത്തനപ്പെട്ടിരുന്നു. ആ നിലയ്ക്കുള്ള ഉത്തരവാദിത്വങ്ങളാണ് ബി എം എസ് എക്കാലത്തും പുലർത്തിപ്പോരുന്നതും. ഇന്ത്യ-പാക്കിസ്ഥാൻ, ഇന്ത്യ-ചൈന യുദ്ധത്തിലും ജനാധിപത്യം കശാപ്പു ചെയ്ത അടിയന്തിരാവസ്ഥയിലടക്കം ബി എം എസ് ഇക്കാര്യത്തിലുള്ള സാമൂഹ്യപ്രതിബദ്ധത ബോധ്യപ്പെടുത്തിയിട്ടുണ്ട്.

കേരളത്തെ സംബന്ധിച്ച് വളരെ വിപരീത പരിതസ്ഥിതിയിൽ പ്രവർത്തനം കെട്ടിപ്പടുക്കേണ്ടിയിരുന്നു. എന്നാൽ സ്ഥാപകനായ ദത്തോപാന്ത് ഠേംഗ്ഡിജിക്ക്, അദ്ദേഹത്തിന്റെ പ്രചാരകവൃത്തിയുടെ ആദ്യനാളുകൾ മുതൽ കേരളവുമായുള്ള ബന്ധവും, തന്റെ സ്വാധീന വലയത്തിലേക്ക് ആകർഷിക്കപ്പെട്ട ആർ.വേണുവേട്ടനെപ്പോലെയുള്ള ധിഷണാശാലികളായ പ്രവർത്തകരെ തന്നെ കേരളത്തിൽ ആരംഭം കുറിക്കാൻ ലഭിച്ചതും എടുത്തു പറയത്തക്ക പ്രത്യേകതകളാണ്. മാത്രവുമല്ല കാര്യങ്ങൾ കുറെക്കൂടി ലളിതവുമായി. അവിടം മുതൽ ഇങ്ങോട്ട് ആദർശാധിഷ്ഠിതമായ, ധ്യേയനിഷ്ഠരായ ഒരുപറ്റം പ്രവർത്തകരുടെ നിരതന്നെ ബിഎംഎസ് വളർച്ചയ്ക്കുവേണ്ടി അഹോരാത്രം പണിപ്പെട്ടു. ഈ മുഖവുരയിൽ ഓരോരുത്തരുടെയും പേരുപറയാൻ ശ്രമിക്കുന്നില്ല. എങ്കിലും ഒന്നുറപ്പുണ്ട്. ഓരോ വായനക്കാരന്റെയും ഹൃദയത്തിലൂടെ ഓരോ വ്യക്തിത്വവും കടന്നുപോവുക തന്നെ ചെയ്യും. അവർ അത്രമേൽ തൊഴിലാളി പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. അവരേവരേയും ഈ അവസരത്തിൽ ആദരപൂർവ്വം സ്മരിക്കുകയാണ്.

സാമൂഹിക പ്രതിബദ്ധത നമ്മുടെ സംഘടനാ ജീവിതത്തിന്റെ ഭാഗമാവുകകൊണ്ടുതന്നെയാണ് കോവിഡ് മഹാമാരിയുടെ കഠിന കാലത്തും പ്രവർത്തനം അനവരതം മുന്നേറിയത്. കേരളത്തിൽ സേവാഭാരതി കഴിഞ്ഞാൽ ഏറ്റവും വലിയ ഹെൽപ്പ്ഡസ്ക് പ്രവർത്തനം നടത്താൻ നമുക്കു കഴിഞ്ഞു. മാത്രവുമല്ല സമസ്ത തൊഴിൽ മേഖലയിലും നാം മുന്നേറ്റം നടത്തുകയുണ്ടായി.

ഈ ഗ്രന്ഥരചനയുടെ പ്രചോദനം തന്നെ കടന്നുപോയ കഠിന കാലമാണ് എന്നു പറയുന്നതാവും ശരി. ഇത് സ്വതന്ത്രമായൊരു രചനയല്ല, ബഹു. അഡ്വ. സി. കെ. സജിനാരായണനെപ്പോലെയുള്ള വ്യത്യസ്തരായ നിരവധി ലേഖകന്മാരുടെ രചനയുടെ സമാഹാരമാണ്. ഉള്ളടക്കത്തിൽ നിന്നു തന്നെ ലേഖനങ്ങളുടെ വൈവിധ്യം മനസ്സിലാക്കാവുന്നതുകൊണ്ട് അക്കാര്യത്തെപ്പറ്റി കൂടുതൽ പരാമർശിക്കുന്നില്ല. ഓരോ ട്രേഡ് യൂണിയൻ പ്രവർത്തകനും തന്റെ പ്രവർത്തന പന്ഥാവിൽ വെളിച്ചം വീശാൻ ഈ ഗ്രന്ഥം സഹായിക്കുമെന്ന് പൂർണ്ണ ബോധ്യമുണ്ട്. പരിമിതമായ സമയത്തിനുള്ളിൽ പൂർത്തിയാക്കിയതിന്റെ കുറവ് സ്വാഭാവികമായും സംഭവിക്കാം. തെറ്റുകുറ്റങ്ങൾ ചൂണ്ടിക്കാട്ടാൻ മാന്യവായനക്കാർ തയ്യാറാകണമെന്ന് അപേക്ഷിക്കുന്നു. നിശ്ചയിച്ച സമയത്തു തന്നെ അച്ചടി പൂർത്തീകരിച്ചുതന്ന ചേന്നമ്പള്ളിൽ പ്രിന്റേഴ്സ്, ഡി. റ്റി. പി. ജോലികൾ ഭംഗിയായി നിർവ്വഹിച്ച സഹോദരിമാരായ രേഖ എ. ആർ., വിദ്യ സി. നായർ, ഈ ഗ്രന്ഥരചനയ്ക്ക് പ്രോത്സാഹിപ്പിച്ച ബി.എം.എസ്. സംസ്ഥാന സമിതിക്കും ഹൃദയംഗമായ നന്ദിരേഖപ്പെടുത്തുന്നു.

**സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ**